# 10. മലേഷ്യ

വർഗം, ഭാഷ, മതം എന്നിവ തങ്ങളെ ഒരു വ്യത്യസ്ത ജനവിഭാഗമാക്കുന്നുണ്ടെന്നും, അതിനാൽ സ്വന്തം ഭൂരിപക്ഷപ്രദേശങ്ങളിൽ ഒരു സ്വതന്ത്രരാഷ്ട്രമായി നിലകൊള്ളാൻ തങ്ങൾക്ക് അധികാരമുണ്ടെന്നുമുള്ള തമിഴ് ന്യൂനപക്ഷത്തിന്റെ വാദമാണല്ലോ ശ്രീലങ്കയെ ക്രൂരമായ ഒരു ആഭ്യന്തരസമരത്തിൽകൊണ്ടെത്തിച്ചതു്. അയൽപക്കത്തിലെ കുഴപ്പം ഇന്ത്യയിലും ഗൗരവാവഹങ്ങളായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നു് ഉറപ്പായപ്പോൾ, ഈ ഏടാകൂടത്തിൽ ഇന്ത്യയ്ക്കു് ഇടപെടേണ്ടതായും വന്നു. ഈ ഇടപെടലിന്റെ ഫലം എന്താവുമെന്നു് ഇപ്പോഴും പറയാറായിട്ടില്ല.

ഇന്ത്യയുടെ മറ്റൊരു അയൽരാജ്യമായ മലേഷ്യയിലും വർഗം, ഭാഷ, മതം എന്നീ ഉപാധികളാൽ പരസ്പരം വ്യത്യസ്തത പുലത്തുന്ന വിഭിന്ന ജനവിഭാഗങ്ങൾക്കിടയിൽ സംഘർഷം വർദ്ധിച്ചുവരികയാണെന്നു കാണുന്നു.

തെക്കേ ചൈനക്കടലിന്റെ പടിഞ്ഞാറും കിഴക്കുമായി, ഏതാണ്ടു തുല്യവലിപ്പമുള്ള രണ്ടു ഭൂഭാഗങ്ങളാണു മലേഷ്യയിലുള്ളതു് (ആകെ വലിപ്പം മൂന്നു ലക്ഷത്തിമുപ്പതിനായിരം ചതുരശ്ര കിലോമീറ്ററോളം). തായ്‌ലൻഡിനു തെക്കു്, മലയ ഉപദ്വീപിലെ പ്രദേശങ്ങളടങ്ങിയ പടിഞ്ഞാറെ മലേഷ്യയിലാണു തലസ്ഥാനമായ ക്വാലാലമ്പൂർ. രാജ്യത്തിലെ ആകെ ജനസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗവും പടിഞ്ഞാറെ മലേഷ്യയിലാകുന്നു. ഈ പ്രദേശത്തുള്ള ജനങ്ങളിൽ അമ്പത്തഞ്ചു ശതമാനത്തോളം മലായ്‌ഭാഷ സംസാരിക്കുന്ന മുസ്ലിങ്ങളാണു്. മുപ്പത്തഞ്ചു ശതമാനത്തോളം ചൈനക്കാരാണു്. അവർ മൻഡാരിൻ (ചൈനീസ്) ഭാഷ സംസാരിക്കുന്നു. ശേഷിച്ച പത്തു ശതമാനം പേർ, മുഖ്യമായും ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങളിൽനിന്നു കുടിയേറിപ്പാർത്തവരാണു്. ഇവരിൽ അധികംപേരും തമിഴ് സംസാരിക്കുന്നവരത്രേ.

ഇൻഡോനേഷ്യയിൽപ്പെട്ട ബോർണിയോ ദ്വീപിന്റെ വടക്കുവശത്തുള്ള സാറവാക്ക്, സാബാ എന്നീ പ്രദേശങ്ങൾ ചേർന്നതാണു് കിഴക്കേ മലയേഷ്യ. സാറവാക്കിൽ മൂന്നുലക്ഷത്തിഎൺപത്തയ്യായിരത്തോളം ചൈനക്കാരും രണ്ടു ലക്ഷത്തിനാല്പത്തയ്യായിരത്തോളം മലയക്കാരും പാർക്കുന്നു. സാബായിൽ ചൈനക്കാർ ഒരു ലക്ഷത്തി എൺപതിനായിരത്തോളമുണ്ടു്; മലയക്കാരുടെ എണ്ണം അമ്പതിനായിരത്തോളമേ വരൂ. ഇവർക്കു പുറമെ, എണ്ണം നന്നെ കുറഞ്ഞ മററു് ഏതാനും ജനവർഗങ്ങളും മലേഷ്യയിലുണ്ടു്.

ഇൻഡോനേഷ്യയിലെ സുമാത്രദ്വീപിൽ കേന്ദ്രീകരിച്ചിരുന്ന 'ശ്രീവിജയം' എന്ന ബൗദ്ധസാമ്രാജ്യമാണു് ക്രിസ്തുവർഷം ഒമ്പതു മുതൽ പതിമ്മൂന്നുവരെ ശതാബ്ദങ്ങളിൽ മലേഷ്യാപ്രദേശങ്ങളിൽ ആധിപത്യം പുലത്തിവന്നതു്. ക്രിസ്തുവർഷം പതിന്നാലാം നൂററാണ്ടിൽ, മലാക്കയിൽ തലസ്ഥാനം ഉറപ്പിച്ച സുൽത്താന്മാരുടെ കീഴിൽ ഈ പ്രദേശങ്ങളിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇസ്ലാം സ്വീകരിച്ചു. എ. ഡി. 1511–ൽ പോർത്തുഗീസുകാർ മലാക്ക പിടിച്ചടക്കി. എ. ഡി. 1641–ൽ ഡച്ചുകാർ പോർത്തുഗീസുകാരെ തോല്പിച്ചു് മലാക്കയിൽ വാഴ്ച തുടങ്ങി. എ. ഡി. 1786–ൽ പെനാംഗ് ദ്വീപ് പിടിച്ചടക്കിയതോടെ ഈ പ്രദേശം ബ്രിട്ടീഷുകാരുടെ സ്വാധീനത്തിലായി. എ. ഡി. 1895–ൽ പല സുൽത്താന്മാരുടെ കീഴിലായിരുന്ന പ്രദേശങ്ങൾ ഒന്നിച്ചുചേർത്തു് ബ്രിട്ടീഷുകാർ

'ഫെഡറേറ്റഡ് മലയ സ്റ്റേറ്റ്സ്' (എഫ്. എം. എസ്.) എന്ന ഭരണകൂടം നിലവിൽ വരുത്തി. ഈ പ്രദേശത്തു് ബ്രിട്ടീഷുകാർ വ്യാപകമായ തോതിൽ റബ്ബർക്കൃഷിയും തകര (ടിൻ) ഖനനവും തുടങ്ങി. തോട്ടങ്ങളിലും ഖനികളിലും ജോലിചെയ്യാൻ അവർ വലിയതോതിൽ ഇന്ത്യൻ കൂലിക്കാരെ അങ്ങോട്ടു കൊണ്ടുപോയി. ഇവരുടെ സന്തതികളാണ് ഇപ്പോൾ മലേഷ്യയിലുള്ള ഭാരതീയവംശജരിൽ അധികവും.

രണ്ടാം മഹായുദ്ധക്കാലത്തു് മലേഷ്യ ജപ്പാൻകാരുടെ കീഴിലായി. 1946–ാമാണ്ടിൽ ബ്രിട്ടീഷുകാർ ഈ പ്രദേശം തിരിച്ചു പിടിച്ചു. 1948 മുതൽ 1960 വരെ ചൈനീസ് നേതൃത്വത്തിലുള്ള മലയൻ കമ്യൂണിസ്റ്റ് പാർട്ടി ബ്രിട്ടീഷ് സർക്കാരുമായി ഈ പ്രദേശങ്ങളിൽ, പ്രത്യേകിച്ചു കാടുകളിൽ, ഗറില്ലായുദ്ധം തുടർന്നുവന്നു. 1957–ാമാണ്ടിൽ ഫെഡറേറ്റഡ് മലയസ്റ്റേറ്റ്സിനു് (ഇപ്പോഴത്തെ പടിഞ്ഞാറേ മലേഷ്യയ്ക്കു്) സ്വാതന്ത്ര്യം നല്കപ്പെട്ടു. 1963–ൽ മലയ, സിംഗപ്പൂർ, സാറവാക്ക്, സാബാ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട മലേഷ്യൻ ഫെഡറേഷൻ നിലവിൽ വന്നു. ചൈനീസ് വംശജർക്കു് ബഹുഭൂരിപക്ഷമുള്ള സിംഗപ്പൂർ 1965–ൽ ഈ ഫെഡറേഷനിൽനിന്നു വിട്ടു് ഒരു സ്വതന്ത്ര രാഷ്ട്രമായിത്തീർന്നു.

പഴയ ഫെഡറേറ്റഡ് മലയസ്റ്റേറ്റ്സിന്റെ ഭരണഘടനതന്നെയാണ് അല്പം ചില വ്യത്യാസങ്ങളോടെ, മലേഷ്യയിൽ ഇപ്പോഴും നിലനില്ക്കുന്നതു്. മലയ പ്രദേശത്തെ ഒമ്പതു സ്റ്റേറ്റുകളിലെ ഒരു സുൽത്താനെ അഞ്ചു വർഷത്തേക്കു രാഷ്ട്രത്തലവൻ (യാങ് ഡി പെർത്വാൻഅഗോംഗ്) ആയി തിരഞ്ഞെടുക്കുന്നു. അമ്പത്തെട്ടു് അംഗങ്ങൾ അടങ്ങിയ സെനറ്റും നൂറ്റമ്പത്തിനാലു് അംഗങ്ങളടങ്ങിയ പ്രതിനിധിസഭയുമെന്നു പാർലമെന്റിനു രണ്ടു മണ്ഡലങ്ങളുണ്ടു്. ഭരണാധികാരം പ്രധാനമന്ത്രിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

മലേഷ്യയുടെ ഭരണം ബ്രിട്ടീഷുകാർ നടത്തിപ്പോന്നതു് സുൽത്താന്മാരിലൂടെയാണ്. മലയക്കാർ 'ഭൂമിപുത്രർ' ആയി കണക്കാക്കപ്പെട്ടു. മറ്റുള്ളവർ (ചൈനക്കാരും ഇന്ത്യക്കാരും) ഭൂമി വാങ്ങുന്നതും കൈവശംവയ്ക്കുന്നതും നിരോധിക്കപ്പെട്ടിരുന്നു. ഇസ്ലാം സ്റ്റേറ്റിലെ മതമായും അംഗീകരിക്കപ്പെട്ടിരുന്നു.

അതേ സമയം, ഏതാനും ശതാബ്ദങ്ങളായി മലയയിൽ കുടിയേറിയ ചൈനക്കാർ ആ പ്രദേശത്തെ വ്യാപാരവും വ്യവസായവും ഏറെക്കുറെ കൈയടക്കുകയും, സാമ്പത്തികപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുകയും ചെയ്തുവന്നു. ഭരണവും പോലീസും സേനയും മലയക്കാരുടെ കൈവശമായിരുന്നു. ഇന്ത്യക്കാർ സേവനത്തുറകളിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചിരുന്നു.

1946–ാമാണ്ടിൽ ബ്രിട്ടീഷുകാർ മലയാക്കാരോടൊപ്പം തുല്യമായ പൗരാവകാശങ്ങൾ മലേഷ്യയിലെ ചൈനീസ്–ഇന്ത്യൻവംശജർക്കു നൽകി. എന്നാൽ, 1948–ൽ ചൈനീസ്–ഇന്ത്യൻവംശജരുടെ പല പൗരാവകാശങ്ങളും പരിമിതപ്പെടുത്തുകയുണ്ടായി. ക്രമേണ, യുണൈറ്റഡ് മലയ നാഷനൽ ഓർഗനൈസേഷൻ (യു. എം. എൻ. ഒ.), മലേഷ്യൻ ചൈനീസ് അസോസിയേഷൻ (എം. സി. എ.), മലേഷ്യൻ ഇന്ത്യൻ കോൺഗ്രസ് (എം. ഐ. സി.) എന്ന വർഗാടിസ്ഥാനത്തിലുള്ള മൂന്നു രാഷ്ട്രീയ കക്ഷികൾ മലേഷ്യയിൽ പ്രബലങ്ങളായി. ഈ മൂന്നു കക്ഷികളും ഉൾപ്പെടെ, പതിമൂന്നു പാർട്ടികൾ അടങ്ങിയ ഒരു ഐക്യമുന്നണിയാണ് ഇപ്പോൾ മലേഷ്യ ഭരിക്കുന്നതു്. 'ഭൂമിപുത്ര'ന്മാർക്കു് (മലയക്കാർക്കു്) പല പ്രത്യേകാവകാശങ്ങളുമുണ്ടെങ്കിലും, ചൈനീസ്–ഇന്ത്യൻവംശജർക്കും ഇപ്പോൾ മലയൻ പൗരത്വം നേടാം. സ്റ്റേറ്റിന്റെ മതം ഇസ്ലാമാണ്; എന്നാൽ, മറ്റു മതങ്ങൾ അനുഷ്ഠിക്കുന്നതിൽ നിയന്ത്ര

ണമൊന്നുമില്ല. മലായ ആണ് രാഷ്ട്രഭാഷ; എങ്കിലും മററു ഭാഷകൾ അതാതു തലങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

1957 മുതൽ 1970 വരെ പ്രധാനമന്ത്രിയായിരുന്ന തുങ്കു അബ്ദുൾ റഹമാൻെറ ഭരണകാലത്തു മലേഷ്യയിൽ വർഗകലാപങ്ങൾ ഉണ്ടായിരുന്നില്ലെന്നു പറയാം. എന്നാൽ, 1969–ൽ ചൈനക്കാരും മലയക്കാരും തമ്മിൽ നടന്നതും, ഇരുനൂറോളം ആളുകളുടെ മരണത്തിൽ കലാശിച്ചതുമായ ലഹളയെ തുടർന്ന് തുങ്കു അബ്ദുൾറഹമാൻ സ്ഥാനമൊഴിഞ്ഞു. പിന്നീട് പ്രധാനമന്ത്രിയായിത്തീർന്ന തുൻറസാക്ക്, മലയക്കാരുടെ സാമ്പത്തിക നില ഉയർത്തി, അവരെ ചൈനക്കാരോടൊപ്പമെത്തിക്കുവാൻ പല നടപടികളും കൈക്കൊണ്ടു. രാജ്യത്തിലെ കമ്പനികളുടെ മൊത്തം സ്വത്തിൽ മുപ്പതു ശതമാനം 1990–ാമാണ്ട് ആകുമ്പോഴേക്കും മലയക്കാരുടെ കൈവശമാകണമെന്നതായിരുന്നു ഈ നടപടികളുടെ ലക്ഷ്യം. മുപ്പതു ശതമാനം അപ്പോഴും വിദേശീയരുടെ കൈവശമായിരിക്കും; ശേഷിച്ച നാല്പതു ശതമാനം ചൈനീസ്–ഇന്ത്യൻവംശജരുടെ കൈയിലും. 1970–കളിൽ മലയ സാമ്പത്തികസ്ഥിരത നേടി. എന്നാൽ, 1980–കളിൽ തൊഴിലില്ലായ്മ വർദ്ധിച്ചു. ഇതോടെ വർഗീയ പ്രശ്നങ്ങളും ശക്തിയാർജിച്ചു.

'വ്യത്യസ്ത സമുദായങ്ങളുടെ പഴയ നേതാക്കൾക്കിടയിൽ നിലവിലിരുന്ന സൗഹാർദത്തെയും പരസ്പരധാരണയേയുംപററി ഒന്നും അറിഞ്ഞുകൂടാത്ത ഒരു പുതിയ തലമുറ വളർന്നുവന്നിരിക്കുന്നു. തങ്ങൾ മലയ എന്ന ബഹുവർഗ–രാഷ്ട്രത്തിലെ അംഗങ്ങളാണെന്നല്ല, മറിച്ച് അതാതു വർഗത്തിലെ അംഗങ്ങളാണെന്നാണ് ഇവർ കരുതുന്നത്. യുവാക്കളായ മലയക്കാരും ചൈനക്കാരും പരസ്പരം വീക്ഷിക്കുന്നതു പ്രതിയോഗികൾ എന്ന നിലയ്ക്കാണ്; ഒരേ രാജ്യത്തിൻെറ അഭിവൃദ്ധിയിൽ പങ്കാളികൾ എന്ന നിലയ്ക്കല്ല. ഭാഷയെ സംബന്ധിച്ചായാലും, ഭരണം സംബന്ധിച്ചായാലും മലയൻ വർഗക്കാരുടെ പ്രത്യേകാവകാശങ്ങളെ ബാധിക്കുന്നതായി തോന്നുന്ന എന്തെങ്കിലും ഒന്ന് ചൈനീസ് വംശജർ ആവശ്യപ്പെട്ടാൽ, അവർ രാഷ്ട്രവിരുദ്ധരും അട്ടിമറിക്കാരുമാണെന്ന് ആക്ഷേപം ഉയരുകയായി. ഉദ്യോഗങ്ങൾക്കും വിദ്യാഭ്യാസാവസരങ്ങൾക്കും വേണ്ടിയുള്ള മത്സരം, സംസ്കാരത്തിൻെറ ആധാരമായ മാതൃഭാഷയെ സംരക്ഷിക്കുന്നതിനുള്ള ആഗ്രഹം മുതലായവയാണ്, ഈ സംഭവവികാസങ്ങൾക്കടിയിൽ.' (ഹിന്ദു, നവംബർ 12).

1961–ലെ വിദ്യാഭ്യാസനിയമപ്രകാരം ചൈനീസ്–തമിഴ്–സ്കൂളുകൾ മലായ–മാദ്ധ്യമം സ്കൂളുകളാക്കി മാററാനുള്ള അധികാരം വിദ്യാഭ്യാസമന്ത്രിയിൽ നിക്ഷിപ്തമാണ്. എങ്കിലും ചൈനീസ്–തമിഴ്–മീഡിയം പ്രാഥമിക വിദ്യാലയങ്ങൾ ഇപ്പോഴും മലേഷ്യയിലുണ്ട്. ടെലിവിഷൻ–റേഡിയോപ്രക്ഷേപണങ്ങൾ, മലായ, ഇംഗ്ലീഷ്, ചൈനീസ്, തമിഴ് എന്നീ നാലു ഭാഷകളിലും നടക്കുന്നു. ചൈനീസ്–തമിഴ് വൃത്താന്തപത്രങ്ങളുമുണ്ട്.

1981–ൽ പ്രധാനമന്ത്രിയായ ഡോക്ടർ മഹാഥിർ മലയയിൽ വർഗമൈത്രി പുലർന്നുകാണാൻ ആഗ്രഹിക്കുന്ന ഒരാളാണ്. എന്നാൽ, പെറാക്ക് സ്റ്റേററിൽ ചീനക്കാരുടെ ഒരു ഗ്രാമത്തിനരികെ അണുവൈദ്യുതീനിലയത്തിലെ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള നിശ്ചയം, മലാക്കയിലെ ഒരു ചൈനീസ് ശ്മശാനം ഉദ്യാനമാക്കി മാററുവാനുള്ള നീക്കം, ജോഹോർസ്റ്റേററിലെ ഒരു നഗരത്തിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളുടെയും പേരുകൾ മലായഭാഷയിൽ മാത്രമേ പ്രദർശിപ്പിക്കാവൂ എന്ന കല്പന, മലയ യൂണിവേഴ്സിററിയിൽ മാൻഡാരിൻ (ചൈനീസ്) തമിഴ് എന്നീ ഐച്ഛികവിഷയങ്ങൾ നിർത്തലാക്കാനുള്ള തീരുമാനം, ചൈനീ

സ് പഠിപ്പിക്കാൻ അർഹതയില്ലാത്ത അദ്ധ്യാപകരെ ചൈനീസ് പ്രൈമറിസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരായി നിയമിക്കൽ മുതലായ പ്രശ്നങ്ങൾ മലയയിലെ ചൈനക്കാർക്കിടയിൽ ഇപ്പോൾ വലിയ അതൃപ്തി ഉളവാക്കിയിട്ടുണ്ട്.

യുണൈററഡ് മലയ നാഷണൽ ഓർഗനൈസേഷന്റെ നാല്പത്തൊന്നാം വാർഷികം നവംബർ 1–ാം തീയതി വലിയ തോതിൽ കൊണ്ടാടാൻ തീരുമാനിച്ചിരിക്കുന്നു. പാർട്ടിയുടെ മൂന്നു ലക്ഷത്തോളം അംഗങ്ങൾ ഇതിൽ പങ്കെടുക്കുമെന്നാണുവെച്ചിരുന്നത്. ഈ സമ്മേളനത്തെത്തുടർന്ന്, 1969–ലെന്നപോലെ മലയക്കാർക്കും ചൈനക്കാർക്കും ഇടയിൽ വർഗീയ ലഹള പൊട്ടിപ്പുറപ്പെട്ടേക്കാമെന്ന ആശങ്കപരക്കുകയുണ്ടായി. നവംബർ 1–ലെ സമ്മേളനം നിരോധിക്കപ്പെട്ടു; തൊണ്ണൂററിമൂന്നു പ്രക്ഷോഭകരെ തടങ്കലിലാക്കുകയുംചെയ്തു. ഇവരിൽ പത്തു പാർലമെന്റംഗങ്ങളും, മലേഷ്യൻ ചൈനീസ് അസോസ്യേഷന്റെ വൈസ് പ്രസിഡണ്ട് ചാൻകിററ്ചീയും ഉൾപ്പെടുന്നു.

മലേഷ്യയിൽ മലയക്കാരും ചൈനീസ് വംശജരും തമ്മിലുള്ള സംഘർഷം തീവ്രമാകുന്നപക്ഷം, അതു് ഈ പ്രദേശത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ പ്രതികൂലമായി ബാധിക്കാതിരിക്കുകയില്ല. കാർഷിക–ഖനിജവിഭവങ്ങളുടെ കാര്യത്തിൽ അതിസമ്പന്നമാണ് മലേഷ്യ. ഏഷ്യയിൽ, ഏററവുമധികം വികസനസാദ്ധ്യതയുള്ള രാജ്യവും (ജപ്പാൻ ഒഴിച്ചാൽ) മലേഷ്യയാണ്. വർഗം, ഭാഷ, മതം എന്നിവയുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട വ്യത്യസ്ത ജനവിഭാഗങ്ങൾ ആഭ്യന്തരകലഹങ്ങളിൽ തങ്ങളുടെ ശക്തി ദുർവ്യയംചെയ്യുന്നില്ലെങ്കിൽ, ദരിദ്രമായ ഏഷ്യയിലെ അതിസമ്പന്ന പ്രദേശങ്ങളിലൊന്നാവാനുള്ള എല്ലാ സാദ്ധ്യതയും മലേഷ്യയ്ക്കുണ്ട്.

മലേഷ്യയിലെ മൂന്നാമത്തെ വലിയ ജനവിഭാഗം ഭാരത വംശജരാണ്. അതിനാൽ മലേഷ്യയിലെ സംഭവവികാസങ്ങൾ, നന്മയ്ക്കായാലും തിന്മയ്ക്കായാലും നമ്മെയും ബാധിക്കുന്നതായിരിക്കും. ഈ സംഭവവികാസങ്ങളിൽ ഉദ്ബുദ്ധമായ താല്പര്യം നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

(13 നവംബർ, 1987)

# 11. അഫ്ഘാനിസ്ഥാൻ

അണുബോംബു നിർമിക്കുന്ന രാഷ്ട്രങ്ങൾക്കു സഹായം നിഷേധിക്കാൻ അമേരിക്കൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമം മാററിവെച്ച്, അണുബോംബുനിർമാണപരിശ്രമങ്ങളുമായി മുന്നോട്ടു പോകുന്ന, ഒരു പക്ഷേ, ഇതിനകം അണുബോംബു നിർമിച്ചുകഴിഞ്ഞിട്ടുള്ള, പാകിസ്ഥാനു് നാന്നൂററിരണ്ടു കോടി ഡോളർ (അയ്യായിരത്തി ഇരുനൂററി ഇരുപത്താറു കോടി രൂപ) വരുന്ന സൈനിക–സാമ്പത്തിക സഹായം അടുത്ത ആറു വർഷം തുടർന്നു നൽകുന്നതിനു് 1987 ഡിസംബർ 4–ാം തീയതി അമേരിക്കൻ പാർലമെന്റ് തീരുമാനിക്കുകയുണ്ടായി. അഫ്ഘാനിസ്ഥാനിൽ സോവിയററ് റഷ്യയുടെ സൈന്യങ്ങൾ ഉണ്ടെന്നും അവ പാകിസ്ഥാനിലേക്കു കടക്കാതെ തടയുന്നതിനു് അമേരിക്കൻ സഹായം പാകിസ്ഥാനു കൂടിയേ കഴിയൂ എന്നും, ഇതു് പാകിസ്ഥാന്റെ മാത്രമല്ല, അമേരിക്കയുടെകൂടി താല്പര്യമാണെന്നുമാണ് പാകിസ്ഥാനെ അത്യാധുനിക–ആയുധങ്ങളും യുദ്ധോപകരണങ്ങളുംകൊണ്ടു നിറയ്ക്കുന്നതിനു് അമേ